**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1900** **09-12-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയവും ചരിത്രവിരുദ്ധവുമായ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഖാപ്പ് പഞ്ചായത്തുകൾ ജനാധിപത്യത്തിന്റെ ആദ്യകാല മാതൃകയാണെന്നും വേദകാലം മുതൽ രാജ്യത്ത് ജനാധിപത്യ വ്യവസ്ഥ ഉണ്ടെന്നും വിദ്യാർത്ഥികളെ പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് യു.ജി.സി. ചെയർമാൻ ഗവർണർമാർക്ക് കത്തെഴുതിയതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അശാസ്ത്രീയവും ചരിത്രവിരുദ്ധവുമായ നയങ്ങൾ അടിച്ചേൽപ്പിക്കുവാൻ ശ്രമം നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ചരിത്രത്തെ വികലമായി പുനർ നിർമ്മിക്കുന്ന തരത്തിൽ ഉള്ള നിർദ്ദേശങ്ങൾ യു.ജി.സി. യിൽ നിന്ന് ഉണ്ടാകുന്നത് പ്രതിരോധിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സർവ്വകലാശാലകളും അക്കാദമിക് നേതൃത്വവും ഏറ്റെടുക്കേണ്ടതുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ നൽകിവരുന്ന നൂറോളം ശാസ്ത്ര പുരസ്കാരങ്ങളും എൻഡോവ്മെന്റുകളും നിർത്തലാക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) | കേന്ദ്രസർക്കാർ മന്ത്രാലയങ്ങൾ നൽകിവരുന്ന ചില സ്കോളർഷിപ്പുകളും എൻഡോവ്മെന്റുകളും നിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ശാസ്ത്ര ഗവേഷണ രംഗത്ത് പ്രസ്തുത നടപടികൾ എന്ത് പ്രത്യാഘാതമാണ് ഉണ്ടാക്കുക എന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | ശാസ്ത്ര ഗവേഷണത്തിന് ഊർജ്ജം പകരേണ്ട സാമ്പത്തിക സഹായം ഇല്ലാതാകുന്നത് ഈ രംഗത്തെ ഗവേഷണത്തെ മുരടിപ്പിക്കും. ഇതിനെക്കൂടി പ്രതിരോധിക്കുന്നതിനാണ് നവ കേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ്, അന്തർ സർവ്വകലാശാലാ മികവിന്റെ കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള പദ്ധതികൾ കേരള സർക്കാർ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ